# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2763

06.11.2019 ലെ മറുപടി

### മേജർ ഇറിഗേഷൻ ആറന്മുള മാസ്റ്റർപ്ലാൻ

**ചോദ്യം**

**ശ്രീമതി.വീണാ ജോർജ്ജ്**

മേജർ ഇറിഗേഷൻ വിഭാഗം സർക്കാരിന് സമർപ്പിച്ചിരുന്ന ആറന്മുള മണ്ഡലം മാസ്റ്റർപ്ലാൻ പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

**മറുപടി**

**കെ.കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

ആറന്മുള മണ്ഡലം മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടില്ല. എന്നാൽ ആറന്മുള മണ്ഡലത്തിൽ അനുമതി ലഭിച്ച് നടപ്പിലാക്കിവരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക | തൽസ്ഥിതി |
|---|---|---|---|
| 1 | ആറന്മുള നിയോജക മണ്ഡലത്തിൽ — ഇരവിപ്പേരൂർ, കറ്റൂർ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന ആദിപമ്പ, വരട്ടാർ നദികളുടെ വലതുകരയിലൂടെയുള്ള നടപ്പാതയുടെ നിർമ്മാണം. | 236 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു |
| 2 | വരട്ടാറിലെ പുതുക്കുളങ്ങര പാലം | 465 ലക്ഷം | സാങ്കേതിക അനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| 3 | ഓമല്ലൂർ ഗ്രാമപഞ്ചായത്ത് 13-ാം വാർഡ് തോട്ടത്തിൽ കടവിന് താഴ്ഭാഗം അച്ചൻകോവിലാറിന്റെ വലതുകര സംരക്ഷണ പ്രവൃത്തി | 28 ലക്ഷം | അനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു |
| 4 | ആറന്മുള പഞ്ചായത്തിൽ ഇടയാറന്മുള പഞ്ചായത്ത് കടവിന് സമീപം പമ്പാ നദിയുടെ ഇടതുകര സംരക്ഷ പ്രവൃത്തി | 20 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. |
| 5 | കോഴഞ്ചേരി പഞ്ചായത്തിൽ ഒന്നാം വാർഡിൽ പമ്പാനദിയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി | 15 ലക്ഷം | ടെണ്ടർ നടപടി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. |
| 6 | കോഴഞ്ചേരി പഞ്ചായത്തിലെ വിവിധ കടവുകളുടെ പുനരുദ്ധാരണം | 10.67 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു |
| 7 | ഓമല്ലൂർ പഞ്ചായത്ത് ഉഴുവത്ത് ക്ഷേത്രത്തിനു സമീപം അച്ചൻകോവിലാറിന്റെ വലതുകര സംരക്ഷണ പ്രവൃത്തി | 20 ലക്ഷം | ടെണ്ടർ നടപടി പൂർത്തീകരിച്ചു |
| 8 | പത്തനംതിട്ട മുനിസിപാലിറ്റിയിൽ കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസിന് സമീപം കല്ലറകടവ് ചെക്ക് ഡാമിന് താഴ്ഭാഗം അച്ചൻകോവിലാറിന്റെ വലതുകര സംരക്ഷണ പ്രവൃത്തി. | 23.50 ലക്ഷം | ടെണ്ടർ നടപടി പൂർത്തീകരിച്ചു |
| 9 | ഓമല്ലൂർ പഞ്ചായത്തിൽ 9-ാം വാർഡിൽ അച്ചൻകോവിലാറിന്റെ ഇടതുകര സംരക്ഷണപ്രവൃത്തി. (മുത്തടത്ത് കടവ് മുതൽ ഇല്ലത്ത് കടവ് വരെയും പാലപ്പുമണ്ണിൽ ഭാഗം) | 29 ലക്ഷം | ടെണ്ടർ നടപടി പൂർത്തീകരിച്ചു |
| 10 | കോഴഞ്ചേരി പഞ്ചായത്തിൽ രണ്ടാം വാർഡിൽ തുണ്ടിൽ കടവിന് സമീപം പമ്പാനദിയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി | 24 ലക്ഷം | ടെണ്ടർ നടപടി പൂർത്തീകരിച്ചു |
| 11 | മല്ലപ്പുഴശ്ശേരി പഞ്ചായത്തിൽ മരങ്ങൂർകടവിന് മുകൾഭാഗം പമ്പാനദിയുടെ അപകടാവസ്ഥയിലായ ഇടതുകരയുടെ അടിയന്തരസംരക്ഷണം | 5.60 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു |
| 12 | വള്ളിക്കോട് കുളനട പഞ്ചായത്തുകളിലെ വിവിധ കടവുകളുടെ പുനരുദ്ധാരണം | 7.60 ലക്ഷം | ടെണ്ടർ നടപടി നടന്നു കൊണ്ടിരിക്കുന്നു |

| | | | |
|---|---|---|---|
| 13 | ആറന്മുള അമ്പലത്തിനു സമീപം മന്താനത്ത് കടവ്, ആറാട്ടുകടവ്, അമ്പലക്കടവ് എന്നിവയുടെ പുനരുദ്ധാരണം. | 3 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 14 | ആറന്മുള വള്ളസദ്യയോടനുബന്ധിച്ച് ആറന്മുള അമ്പലക്കടവിന് മുകൾവശവും താഴ്ഭാഗവും ബോട്ട് റെയ്സ് ട്രാക്കിലെ മണ്ണ് നീക്കം ചെയ്യൽ | 6.40 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 15 | ആറന്മുള തിരുവോണക്കടവു മുതൽ വീരജവാൻ സ്മൃതിമണ്ഡപകടവ് വരെയുള്ള ബോട്ട് റെയ്സ് ട്രാക്കിലെ മണ്ണ് നീക്കം ചെയ്യൽ | 8.97 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| | ആകെ തുക | 818.17 ലക്ഷം | |

സെക്ഷൻ ഓഫീസർ